# പോലീസ് വകുപ്പ്

**നം. എച്ച് 3/4400/12**
പോലീസ് ഹെഡ്ക്വാർട്ടേഴ്സ്
തിരുവനന്തപുരം,
തീയതി : 20/01/2012

## ദർഘാസ് പരസ്യം

പോലീസ് വകുപ്പിലേയ്ക്ക് ആവശ്യമായ താഴെപ്പറയുന്ന സാധനം വിതരണം ചെയ്യുന്നതിനുള്ള മുദ്ര വെച്ച ദർഘാസുകൾ 22/02/2012 തീയതി ഉച്ചയ്ക്ക് 12.00 മണിക്ക് മുൻപായി ഈ ഓഫീസിൽ ലഭിക്കത്തക്കവിധത്തിൽ ക്ഷണിച്ചുകൊള്ളുന്നു.

| ക്രമ നം. | ദർഘാസ് നമ്പർ | ആവശ്യമായ സാധനം | ആവശ്യമായ എണ്ണം | ദർഘാസ് ഫാറത്തിൻെറ വില | ദർഘാസ് തുറക്കുന്ന സമയവും തീയതിയും |
|---|---|---|---|---|---|
| 1 | 01/2012 | പ്ളാസ്റ്റിക് ചെയർ വിത്ത് ആം റെസ്റ്റ് ( ഹൈ ക്വാളിറ്റി) | 3000 | 2300 + 4% VAT | 22/02/2012 03.30 P.M. |

ദർഘാസ് നമ്പർ, സാധനത്തിൻെറ വിവരം എന്നിവ രേഖപ്പെടുത്തിയ മുദ്ര വച്ച കവർ സ്റ്റേറ്റ് പോലീസ് ചീഫ്, പോലീസ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം – 10 എന്ന മേൽവിലാസത്തിൽ ആയിരിക്കണം ദർഘാസുകൾ അയക്കേണ്ടത്. മേൽപ്പറഞ്ഞ സമയ പരിധിക്ക് ശേഷം കിട്ടുന്ന ദർഘാസുകൾ പരിഗണിക്കുന്നതല്ല. ദർഘാസുകൾ ദർഘാസുകാരുടേയോ അവർ അധികാരപ്പെടുത്തിയിട്ടുള്ള പ്രതിനിധികളുടേയോ സാന്നിദ്ധ്യത്തിൽ 22/02/2012 വൈകിട്ട് 03.30 മണിക്ക് തുറക്കുന്നതാണ്. താത്പര്യമുള്ളവർക്ക് സ്റ്റേറ്റ് പോലീസ് ചീഫിന് നൽകുന്ന അപേക്ഷയോടൊപ്പം ദർഘാസിൻെറ വിലയൊടുക്കി ദർഘാസുകൾ വാങ്ങാവുന്നതാണ്. അത്തരം ദർഘാസുകൾ തന്നെയാവണം മുദ്ര വച്ച കവറിൽ സമർപ്പിക്കേണ്ടതും. ദർഘാസിൻെറ വില മടക്കി നൽകുന്നതല്ല. ദർഘാസുകൾ കൈമാറ്റം ചെയ്യാൻ പാടില്ല. ദർഘാസിൻെറ വില്പന 22/02/2012 പകൽ 12 മണിക്ക് അവസാനിപ്പിക്കുന്നതാണ്. ചെക്ക്, ഡ്രാഫ്റ്റ്, പോസ്റ്റേജ് സ്റ്റാമ്പ് മുതലായവ ദർഘാസിനുള്ള വിലയായി സ്വീകരിക്കുന്നതല്ല. എന്നാൽ ടെലിഗ്രാഫിക് മണിയോർഡർ ഉൾപ്പെടെയുള്ള മണിയോർഡർ പോലീസ് അസി: ഇൻസ്പെക്ടർ ജനറൽ, പോലീസ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം – പേർക്ക് ദർഘാസിൻെറ വില അയച്ചാൽ സ്വീകരിക്കുന്നതായിരിക്കും. എന്നാൽ ദർഘാസുകൾ അയയ്ക്കുന്നതിനുള്ള പോസ്റ്റേജ്/കൊറിയർ ചാർജ്ജ് കൂടെ അയച്ചിരിക്കേണ്ടതാണ്. ദർഘാസുകൾ യഥാസമയം അയയ്ക്കുന്നതിന് വേണ്ടി

അത്തരത്തിലുള്ള അപേക്ഷകൾ ദർഘാസ് വില്പന അവസാനിക്കുന്നതിന് 7 ദിവസം മുൻപ് ഈ ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.

ദർഘാസ് ഫാറത്തിനോടൊപ്പം ദർഘാസ് തുകയുടെ 1% വരുന്ന തുകയ്ക്കുള്ള നിരതദ്രവ്യം ഡിമാൻറ് ഡ്രാഫ്റ്റായി പോലീസ് അസിസ്റ്റൻറ് ഇൻസ്പെക്ടർ ജനറൽ, പോലീസ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം – പേർക്ക് മാറ്റാവുന്ന വിധത്തിൽ ഹാജരാക്കേണ്ടതും നിരതദ്രവ്യം സമർപ്പിക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളവർ അത് തെളിയിക്കുന്നതിനുള്ള രേഖകൾ ദർഘാസിനോടൊപ്പം ഹാജരാക്കേണ്ടതുമാണ്. മേൽപ്പറഞ്ഞ രേഖയോ നിരതദ്രവ്യമോ കൂടാതെ കിട്ടുന്ന ദർഘാസുകൾ നിരസിക്കുന്നതായിരിക്കും. ദർഘാസിൽ രേഖപ്പെടുത്തുന്ന വില എല്ലാ വിധ നികുതികളും ഉൾപ്പെടെ ആയിരിക്കണം.

സാധനങ്ങളുടെ വിശദവിവരവും സ്പെസിഫിക്കേഷനും പ്രവർത്തി ദിവസങ്ങളിൽ ദർഘാസിനോടൊപ്പം ഈ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ദർഘാസ് പ്രത്യേകം കവറിൽ അല്ലാതെയോ ദർഘാസ് നമ്പർ രേഖപ്പെടുത്താതെ അയച്ചാലോ, അവ നിരസിക്കു ന്നതായിരിക്കും. സാധനങ്ങളുടെ ലഭ്യത അത്യാവശ്യമായതിനാൽ തിരഞ്ഞെടുക്കപ്പെടുന്ന കരാറുകാരൻ അവ അടിയന്തിരമായി 22/03/2012 തീയതിക്ക് മുൻപായി വിതരണം ചെയ്യാൻ തയ്യാറാകേണ്ടതാണ്.

ദർഘാസിൽ രേഖപ്പെടുത്തുന്ന വില 31.03.2012 വരെ മാറ്റമില്ലാതെ നിലനിർത്തേണ്ടതാണ്. സ്റ്റോർ പർച്ചേസ് റൂൾ ഡിപ്പാർട്ട്മെൻറിൻെറ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള്ള കമ്പനികൾ ആയത് തെളിയിക്കുന്ന രേഖകൾ കൂടി ഉള്ളടക്കം ചെയ്യേണ്ടതാണ്.

യാതൊരു കാരണവും ബോദ്ധ്യപ്പെടുത്താതെ ദർഘാസുകൾ നിരസിക്കുന്ന തിനുള്ള പൂർണ്ണ അധികാരം പോലീസ് ഡയറക്ടർ ജനറലിൽ നിക്ഷിപ്തമാണ്.

Sd/-

**സ്റ്റേറ്റ് പോലീസ് ചീഫിനുവേണ്ടി.**